**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 982** **06-10-2021 - ൽ മറുപടിയ്ക്ക്**

**ഗസറ്റഡ് ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസേചന വകുപ്പിൽ ഗസറ്റഡ് വിഭാഗം ഉദ്യോഗസ്ഥർക്ക് ഡി.പി.സി. ഇല്ലാത്തതിനാൽ ടി വിഭാഗത്തിൽപ്പെട്ട നിരവധി എഞ്ചിനീയർമാർക്ക് പ്രൊമോഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) | ഇല്ല. ജലസേചന വകുപ്പിലെ ടെക്നിക്കൽ വിഭാഗത്തിലെ ഗസറ്റഡ് വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് സിവിൽ, മെക്കാനിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ - ഡിഗ്രി, സിവിൽ-ഡിപ്ലോമ)തസ്തികയിലേക്കുള്ള പ്രൊമോഷന് വേണ്ടിയുള്ള ഡി.പി.സി, സൂപ്രണ്ടിങ് എഞ്ചിനീയർ (സിവിൽ )തസ്തികയിലേക്കുള്ള പ്രൊമോഷന് വേണ്ടിയുള്ള ഡി.പി.സി എന്നിവ ഒഴികെ സിവിൽ, മെക്കാനിക്കൽ വിഭാഗത്തിലെ ബാക്കി എല്ലാ തസ്തികയിലേക്കും അർഹതപ്പെട്ട പ്രൊമോഷൻ നൽകുന്നതിലേക്കുള്ള ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി മീറ്റിംഗ് 23/09/2021 തീയതിയിൽ കൂടുകയും ആയതിന്റെ തുടർ നടപടികൾ സർക്കാരിൽ സ്വീകരിച്ചു വരുകയുമാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ – ഡിഗ്രി, സിവിൽ-ഡിപ്ലോമ) തസ്തികയിലേക്കുള്ള പ്രൊമോഷന് വേണ്ടിയുള്ള ഡി.പി.സി, സൂപ്രണ്ടിങ് എഞ്ചിനീയർ (സിവിൽ )തസ്തികയിലേക്കുള്ള പ്രൊമോഷന് വേണ്ടിയുള്ള ഡി.പി.സി എന്നിവ കൂടുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ